# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3060** — **20.6.2014-ൽ മറുപടിക്ക്**

**ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>„ ആർ. സെൽവരാജ്<br>„ അൻവർ സാദത്ത്<br>„ പി.എ മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |

എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

എ) ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകുക,

ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുക,

പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ളതും കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലും ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക,

നവീന അറവുശാലകൾ സ്ഥാപിക്കാനും ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും സാങ്കേതിക സഹായവും സാങ്കേതിക അംഗീകാരവും നൽകുക,

സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കുന്നതിനു നടപടി സ്വീകരിക്കുക.

ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക,

പ്ലാസ്റ്റിക് ഉപയോഗം പരമാവധി പരിമിതപ്പെടുത്തുന്നതിനും പ്രകൃതി സൗഹൃദ ബദൽ ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതു പ്രോത്സാഹിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുക,

എന്നിവയാണ് ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;
വിശദാംശങ്ങൾ എന്തെല്ലാം;

ബി) സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുള്ളത്
വിശദമാക്കുമോ ;

സി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത് :-

1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം.
2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലി

ന്യ പരിപാലനം

3. അറവുശാല മാലിന്യ സംസ്ക്കരണം
4. ഖരമാലിന്യ സംവിധാനത്തിന്റെ പുനരുദ്ധാരണം
5. അറവുശാല നിർമ്മാണവും നവീകരണവും
6. പൊതുസ്ഥാപനങ്ങൾക്ക് മാതൃക ദ്രവമാലിന്യ പരിപാലന പദ്ധതി
7. മാതൃകാ ദ്രവമാലിന്യ മാനേജ്മെന്റ് പരിപാടി – കോളനികൾക്ക്
8. ഗാർഹികതല ശുചിത്വ സൗകര്യം,. വനിത ശുചിത്വ കോംപ്ലക്സ്, വിശ്രമ ശുചിത്വ സമുച്ചയം
9. ഗേൾ ഫ്രണ്ട്ലി ടോയിലറ്റ്, ശിശു സൗഹൃദ ടോയിലറ്റ്
10. മാലിന്യ മുക്ത കേരളം പ്രചരണം
11. നിർമ്മൽ ഗ്രാമപുരസ്കാരം ലഭിക്കുന്ന പഞ്ചായത്തുകളെ ആദരിക്കൽ
12. പഠന-വിവരണ ശേഖരണ പ്രവർത്തനം
13. ഐ.ഇ.സി / എച്ച്.ആർ.ഡി പദ്ധതി

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡി) 2000-മാണ്ടിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് റൂൾസ്) പ്രകാരം എല്ലാ നഗരസഭകളിലും സംയോജിത ഖരമാലിന്യ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ഭാഗമായി സംസ്ഥാനത്ത് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകി വരുന്നു.

ഗ്രാമീണ മേഖലയിൽ ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് നിർമൽ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക കക്കൂസുകൾ, പൊതു ശുചിത്വ സൗകര്യം, സ്കൂൾ ടോയ്ലറ്റ്, അങ്കണവാടി ശിശു സൗഹൃദ ടോയ്ലറ്റ് മാലിന്യ പരിപാലന പ്രോജക്ടുകൾ എന്നിവ നടപ്പിലാക്കി വരുന്നു. അതുപോലെ സംസ്ഥാന പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഗരസഭ, ഗ്രാമ പഞ്ചായത്തുകൾക്ക് ഗാർഹികതല മാലിന്യ പരിപാലന പ്രോജക്ടുകളും പൊതുവായ മാലിന്യ പരിപാലന പ്രോജക്ടുകളും ഏറ്റെടുക്കുന്നതിന് സാങ്കേതിക ധന സഹായം നൽകി വരുന്നു. മനോഭാവ രൂപീകരണത്തിനായി ഓരോ വിഭാഗത്തിനെയും ലക്ഷ്യമിട്ടുകൊണ്ടുള്ള വൈവിധ്യമാർന്ന വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടപ്പിലാക്കി. വരുന്നു.

സെക്ഷൻ ഓഫീസർ